**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2036** **06-07-2022 - ൽ മറുപടിയ്ക്ക്**

**മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശോച്യാവസ്ഥയിലുള്ള മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് അനുവദിക്കപ്പെട്ട എം.എൽ.എ. ഫണ്ട് അപര്യാപ്തമായതിനാൽ പ്ലാൻ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. തിരുവമ്പാടി എം.എൽ.എ യുടെ 2020-2021 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 2.25 കോടി രൂപ ചെലവഴിച്ചാണ് മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം നിലവിൽ പുരോഗമിച്ചു വരുന്നത്. എന്നാൽ മുക്കം പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിന് എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച തുക പര്യാപ്തമല്ല എന്നും PWD യുടെ എസ്റ്റിമേറ്റ് പ്രകാരം 2.5 കോടി രൂപ കൂടി അധികമായി അനുവദിച്ചാൽ മാത്രമേ കെട്ടിട നിർമ്മാണം പൂർത്തിയാക്കാനാവൂ എന്നും പ്ലാൻ ഫണ്ടിൽ നിന്നും മേൽ തുക അനുവദിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ബഹു. എം.എൽ.എ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിക്ക് കത്ത് നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് ഇനിയും എത്ര തുക കൂടി വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ